## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1626** **08/06/2018-ൽ മറുപടിയ്ക്ക്**

## പച്ചക്കറി/പഴവർഗ്ഗങ്ങൾ എന്നിവ കുറഞ്ഞ നിരക്കിൽ വിപണനം നടത്താൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ദിവസേന ആവശ്യമായ പച്ചക്കറി/പഴവർഗ്ഗങ്ങൾ എന്നിവയുടെ അളവ് എത്രയാണെന്ന് അറിയിക്കുമോ; സംസ്ഥാനത്ത് കൃഷിവകുപ്പിന്റെ അധീനതയിൽ ദൈനംദിനം ലഭ്യമാക്കുന്ന പച്ചക്കറി/ പഴവർഗ്ഗങ്ങൾ എന്നിവയുടെ അളവ് എത്രയാണെന്ന് അറിയിക്കുമോ; ഇതര സംസ്ഥാനത്തുനിന്നും ഇതുമായി ബന്ധപ്പെട്ട് എത്ര ഉല്പന്നങ്ങൾ വാങ്ങുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) നാഷണൽ സാമ്പിൾ സർവ്വെ ശുപാർശകൾ പ്രകാരം ഒരു വ്യക്തിക്ക് ഒരു ദിവസം 200 ഗ്രാം പച്ചക്കറികളും 100 ഗ്രാം പഴവർഗ്ഗങ്ങളും സംസ്ഥാനത്ത് ദിവസേന ആവശ്യമായി വരും എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത ശുപാർശ പ്രകാരം കേരളത്തിലെ ജനസംഖ്യയ്ക്ക് ആനുപാതികമായി 11088 മെട്രിക് ടൺ പച്ചക്കറി/പഴവർഗ്ഗങ്ങൾ ദിവസേന ആവശ്യമാണ്. സംസ്ഥാനത്തുടനീളമുള്ള ഹോർട്ടികോർപ്പ് സ്റ്റാളുകളിലൂടെ വിതരണം ചെയ്യുന്നതിന് ദൈനംദിനം 54 ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. ഏകദേശം 52 ഇനം പച്ചക്കറികളാണ് ഹോർട്ടികോർപ്പ് സ്റ്റാളുകളിലൂടെ വിപണനം നടത്തുന്നത്. ഇതിൽ 15 ഇനം പച്ചക്കറികൾ കേരളത്തിൽ പൂർണ്ണമായും 18 ഇനം പച്ചക്കറികൾ ഭാഗികമായും ഉല്പാദിപ്പിക്കുന്നവയാണ്. 17 ഇനം പച്ചക്കറികൾ പൂർണ്ണമായും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമാണ് ഹോർട്ടികോർപ്പ് സംഭരിക്കുന്നത്. കേരളത്തിൽ ലഭ്യതകുറവുള്ള അമര, ചെറിയമുളക്, കോളിഫ്ലവർ, നാരങ്ങ, മുരിങ്ങയ്ക്ക, ബീറ്റ്റൂട്ട്, സവാള, ചെറിയ ഉള്ളി, കൂർക്ക, മല്ലിയില, കറിവേപ്പില, നെല്ലിയ്ക്ക, ക്യാപ്സികം എന്നിവ മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും സംഭരിച്ചുവരുന്നു. |

(contd....2)

**(ബി)** പച്ചക്കറി/പഴവർഗ്ഗങ്ങൾ എന്നിവ കുറഞ്ഞ നിരക്കിൽ വിപണനം നടത്താൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

**(ബി)** പഴം, പച്ചക്കറികൾ എന്നിവ കുറഞ്ഞ നിരക്കിൽ വിപണനം നടത്തുന്നതിനായി സംസ്ഥാനത്തെ കർഷകർ, കർഷക കൂട്ടായ്മകൾ, കാർഷിക മൊത്തവ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ എന്നിവിടങ്ങളിൽ നിന്നും കർഷകർക്ക് പൊതുവിപണി വിലയെക്കാൾ 10% കൂടുതൽ നൽകി സംഭരിച്ച് കമ്പോള വിലയെക്കാൾ 10% മുതൽ 20% വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. ഉത്സവ സീസണുകളിൽ വിപണി ഇടപെടലുകൾ നടത്തുകയും 30% സബ്സിഡി നിരക്കിൽ പഴം പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**